
KURIKKAL'S THACHINGANADAM
HIGHER SECONDARY SCHOOL




# ചിലമ്പൊലി

# ഉള്ളടക്കം

അന്ധൻ
കടലാഴങ്ങൾ
ശാഖികൾ
തസ്കരൻ
അക്ഷരങ്ങളെ പ്രണയിച്ചവളുടെ മരണം
നീ യാത്രയാകുന്നില്ല
ഈ വഴിത്താരയിൽ ഇനിയും മുന്നോട്ട്

# അന്ധൻ...

## സ്നേഹനന്ദ



അവൻ നടന്നു വരുന്ന വീഥികളിൽ ഒരു ഊന്നുവടിയുടെ ഞെരുക്കം നിങ്ങൾക്ക് കേൾക്കാം. കാഴ്ചയുടെ മനോഹാരിത വേണ്ടുവോളം ആസ്വദിക്കാൻ കഴിവുള്ള നിങ്ങളുടെ കണ്ണുകളാൽ വല്ലപ്പോഴും അയാളെയൊന്ന് കാണാൻ ശ്രമിക്കുക. ജീവിതം കരഞ്ഞു തീർക്കാൻ കാലം ഒരുപാട് ബാക്കി നിൽക്കേ ചിരിച്ച മുഖവും കൂർപ്പിച്ച കാതുകളുമായി ഇരുട്ട് മൂടിയ ലോകത്തിന്റെ വാതിൽ തുറന്ന്  പോരാടുന്നൊരു യോദ്ധാവിൻ രൂപം നിങ്ങൾക്ക് കാണാം...

തന്റെ ഇനി വരുവാനുള്ള കാലം മുഴുവൻ ഇരുട്ടാണെന്നറിഞ്ഞിട്ടും പതറാത്ത മനസ്സുമായി തനിക്കു ചുറ്റുമുള്ള ഒരൊ ചലനം പോലും അസാധ്യ മികവോടെ അറിയുന്ന.. കാഴ്ചയില്ലാത്തവയെ തന്റെ കാഴ്ചയാക്കി മാറ്റിയ ഒരാൾ.... തന്റെ വിധിയോട് പൊരുതാനിറങ്ങുന്ന കാഴ്ച നിങ്ങൾ കാണുക. സാധാരണയായി എല്ലാവർക്കും വാർദ്ധക്യത്തിൽ തുണയാകേണ്ടുന്ന ഊന്നുവടിയെ അകാലത്തിൽ തന്റെ ഉറ്റവനാക്കിയ ഇരുളിന്റെ ചങ്ങലകളിൽ തന്റെ കാഴ്ചയെന്ന വർണ്ണ ലോകം എന്നെന്നേക്കുമായി ബന്ധിക്കപ്പെട്ട ഒരുവന്റെ നിസ്സഹായമായ മുഖം നമ്മൾ കാണാതെ പോകരുത്..

സൂര്യകിരണങ്ങൾക്കു പോലും ഭേദിക്കാൻ സാധിക്കാത്ത അവന്റെ കണ്ണുകളെ മൂടിയ ഇരുട്ടിന്റെ കമ്പളത്തിനുള്ളിലെ തേങ്ങലുകളും കണ്ണുനീർചാലുകളും മറ്റുള്ളവരിൽ നിന്നും മറയ്ക്കാൻ ശ്രമിക്കുന്നവന്റെ പരിശ്രമങ്ങൾ കാണുമ്പോൾ നിങ്ങളുടെ കണ്ണുകൾ നിറഞ്ഞിട്ടില്ലേ..? ഇരുണ്ട വീഥികളെ തന്റെ ലക്ഷ്യത്താൽ ഭേദിച്ച്  തന്റെ

കഠിനാദ്ധ്വാനം കൊണ്ടു വിശപ്പടക്കാൻ വഴി തേടുന്നവന്റെ നിശ്ചയദാർഢ്യം കണ്ടു നിന്റെ അലസതയിൽ നീ ലജ്ജിക്കാറില്ലേ..? ആ യോദ്ധാവിന് മുന്നിൽ അറിയാതെ തല കുനിഞ്ഞിട്ടില്ലേ..?

ഈ സുന്ദരിയായ ഭൂമിയുടെ മനോഹര വർണ്ണങ്ങളെക്കുറിച്ച് മനോഹരമായ കാഴ്ചകളെ കുറിച്ച് കണ്ണ് ഇരുട്ടായിപ്പോയ ഒരുവനോട് കാഴ്ചയുടെ മാഹാത്മ്യം വിളമ്പി അവനെ പരിഹാസം കൊണ്ടു മൂടി സ്വയം മനുഷ്യകുലത്തിനു തന്നെ കളങ്കമായി തീരാൻ ശ്രമിക്കുന്നവരേ ഓർക്കുക...

കാഴ്ചയില്ലാത്തൊരു ദിനത്തെപ്പറ്റി ഓർക്കണം നാം ഒരിക്കലെങ്കിലും. അന്ന് കണ്ണടച്ചാൽ കാണുന്നതിനേക്കാൾ ഇരുട്ടായിരിക്കും ഈ ലോകമെങ്ങും.. കൂരാകൂരി ഇരുട്ട്. കറുത്ത ഭൂമിയും കറുത്ത ആകാശവും കറുത്ത പൂക്കളും കറുത്ത ചിത്രശലഭങ്ങൾ.. ഇരുണ്ട ലോകവും അതിനേക്കാൾ ഇരുണ്ട മനസ്സുള്ള മനുഷ്യരും. ആ സമയം നിന്റെ കാതുകളിൽ നിന്റെ പ്രതിബിംബത്തിന്റെ ജൽപ്പനം നിനക്ക് കേൾക്കാം.

"അവന്റെ അടഞ്ഞ കണ്ണുകൾ അവനെ  ഇരുട്ടിൽ ലോകത്തെ കാണാൻ പഠിപ്പിച്ചു. നിന്റെ തുറന്ന കണ്ണുകൾ നിന്റെ മനസ്സിൽ ഇരുട്ട് വ്യാപിപ്പിക്കാനും പഠിപ്പിച്ചു"

# കടലാഴങ്ങൾ

## സഞ്ജയ്



വളരെ മനോഹരമായ എന്നാൽ ഏറെ ശാന്തമായ മരതക നിറമുള്ളൊരു കടൽ പക്ഷേ കടലിനും എന്തെന്നില്ലാത്ത ഒരു നിഗൂഢഭാവം കാലിൽ മെല്ലെ വന്നു തൊട്ടു തഴുകി മടങ്ങുന്ന തിരകൾക്ക് വല്ലാത്തൊരു നിറം ആകെ കരഞ്ഞു കലങ്ങിയ മിഴികൾ പോലെ എന്തുകൊണ്ടോ ഹൃദയത്തിൽ വല്ലാത്ത നീറ്റൽ ചിന്തകൾ സ്വതന്ത്രമായി സഞ്ചരിക്കവേ ഉള്ളിൽ ഒരു പൊള്ളൽ.

കലങ്ങിയ ഒരു മനസ്സിന്റെ ഉടമയുടെ മിഴികളിൽ വന്നലക്കുന്ന ഉപ്പുരസമുള്ള ചിരിയുണ്ടല്ലോ അതുപോലെയുള്ള തിരമാലകൾ പതഞ്ഞു നുരഞ്ഞു പിൻവാങ്ങുന്നവ വെയിൽ ചൂടിൽ ചുട്ടു പഴുത്ത മണൽത്തരികളെ തഴുകി വന്ന കടൽക്കാറ്റ് തീ തുപ്പി എന്റെ ചെവിയിൽ വന്നു എന്തിനോ മന്ത്രിച്ചു

കടൽ ശാന്തമാണ് ഭംഗിയേറിയതുമാണ് പക്ഷെ ആരും ഇറങ്ങി നോക്കാൻ മെനക്കെടരുത് ഇറങ്ങി നോക്കിയാൽ പിന്നെ നിനക്ക് മടക്കമുണ്ടാവില്ല നിശബ്ദമായ ചുഴികളാണ് നിറയെ കടലമ്മ ചിന്തിക്കുന്നതോ പ്രവർത്തിക്കുന്നതോ ആർക്കും പ്രവചിക്കാൻ ആവില്ല കടലമ്മയും നിന്നെ പോലെ തന്നെയാണ് തീർത്തും നിഗൂഢമായൊരു പുഞ്ചിരിയിൽ എല്ലാം ഒളിപ്പിക്കുന്നവൾ

# ശാഖികൾ

## തൻമയ



ഞാനിന്ന് അസ്ഥിത്വം നഷ്ട്ടമായ മരമാണ് ഒരിക്കൽ ദിക്കുകൾക്ക് വഴി കാട്ടാൻ മാത്രം സുശക്തമായിരുന്ന എന്റെ ശാഖകളിന്ന് ദുർബ്ബലമായി ഭൂമിയിൽ വീണു ചിതലരിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു പ്രതാപകാലത്ത് എന്നിൽ പൂത്തുലഞ്ഞു തന്റെ വർണ്ണ ശോഭയിൽ അഹങ്കരിച്ചിരുന്ന പുഷ്പങ്ങളിന്ന് കരിനിഴൽ ബാധിച്ച് ദുർനിമിത്തം പേറി എന്റെ ശിഖരങ്ങളിൽ തന്നെ ചാപിള്ളയായി മാറിയിരിക്കുന്നു.

ഏവരുടെയും വിശപ്പകറ്റിയിരുന്ന എന്റെ സ്വാദിഷ്ട ഫലങ്ങളിന്ന് വസന്തത്തിൽ പോലും കായ്ക്കാത്ത വിധം എന്നിൽ നിർജീവമായി തീർന്നിരിക്കുന്നു ഏവർക്കും തണലേകിയിരുന്ന എന്റെ ഇലകളാകും വിശാലമായ കേശഭാരം കൊഴിഞ്ഞു ശൂന്യതയുടെ ഭയാനക നിമിഷങ്ങളിലേക്ക് ഒടുവിൽ ഞാൻ എത്തിയിരിക്കുന്നു

ഒരിക്കൽ ഭൂമിദേവി തന്റെ മടിത്തട്ടിൽ ചേർത്തു നിർത്തിയ എന്റെ വേരുകളെ ഇന്ന് കൈവിട്ടു തുടങ്ങിയിരിക്കുന്നു പിടിച്ചു നിൽക്കാൻ ബലമില്ലാത്തവിധം അവയുമിന്ന് ക്ഷയിച്ചുപോയിരിക്കാം ജീവന്റെ അവസാന നിമിഷങ്ങളിൽ അവ തിരയുന്നത് തനിക്കു അല്പം ജലമേകുവാൻ മുടങ്ങാതെ വരുന്ന വർഷകാലത്തെയാവാം വർഷകാലത്തിനു സന്ദേശമയക്കാൻ ദൂതുപോയ കാറ്റിന്റെ മടങ്ങിവരവിനു കാത്തുനിൽക്കാൻ നേരമില്ലാതെ കടപുഴകിവീണു ഞാൻ തളിരിട്ടു വളർന്ന ഭൂമിദേവിയുടെ എന്റെ അമ്മയുടെ മടിത്തട്ടിൽ ഞാൻ തളർന്നുറങ്ങും ശേഷം അഴുകിഒടുങ്ങി മണ്ണോട് ചേരും

പക്ഷെ മാനവരെ എനിക്ക് മരണമില്ല ഞാൻ എവടെ അഴുകിയൊടുങ്ങിയോ ആ മണ്ണിനു മുകളിൽ എന്റെ ഏക പുത്രി എന്നേക്കാൾ വലിയ മരമായ് തളിരിട്ട് വളരും അവളിലൂടെ ഞാൻ വീണ്ടും പുനർജ്ജനിക്കും

# തസ്കരൻ.....

സഞ്ജയ്



ഒരിക്കൽക്കൂടി രാത്രിയോട് വിടവാങ്ങി അവനിറങ്ങി... പകൽ വെളിച്ചത്തിന്റെ മാസ്മരികതയിൽ അവന്റെ മുഖം ഏറെ പ്രകാശിച്ചിരുന്നു... വിശപ്പടക്കാൻ കിട്ടിയ തിളച്ച കഞ്ഞി വെള്ളത്തിൽ വറ്റു തിരഞ്ഞവനെ ജന്മിക്കോമരങ്ങൾ മരത്തിൽ കാഞ്ഞിരവള്ളി ചേർത്തു കൈകാൽ കെട്ടി പച്ചമടൽ വെട്ടിയടിച്ച നീറ്റലിന്റെ പാടുകളിൽ സൂര്യൻ തന്റെ രശ്മികളാൽ ഇന്നും തഴുകാറുണ്ട്... ആ പാടുകളിൽ തടവുമ്പോൾ പതിവില്ലാത്ത വിധം അവന്റെ കണ്ണുകളിൽ രക്തം ഇരച്ചു കയറി അവന്റെ അമ്മയുടെ ഓർമകളിൽ രക്തവർണമാവാറുണ്ട്.

ചോർന്നൊലിച്ച വീടിൻ കഴുക്കോൽ ഒടിയുന്ന ശബ്ദം കേട്ടുണർന്നു നോക്കിയവന്റെ കണ്ണിൽ തന്റെ അമ്മ ഒരുമുഴം കയറിൽ തന്നോടുള്ള അവളുടെ അവസാന ബന്ധമുപേക്ഷിച്ചു എന്നത് വിളിച്ചു പറയും വിധം മാതൃരക്തം കഴുത്തിൽ തളം കെട്ടി കരിനീല പാട് വന്നു തൂങ്ങിയാടി നിന്നിരുന്നു...

ആ രക്തക്കറയുണങ്ങും മുൻപേ... ചിത കെട്ടടങ്ങും മുൻപേ... വേലികെട്ടി മുദ്ര പതിച്ച അവളുടെ അവസാന വസ്തുവിന്റെ ആധാരം ജന്മിയുടെ പുരയിൽ അമ്മയുടെ വിയർപ്പിന്റെ ഗന്ധം മാറാതെ ചിതലരിച്ചു തുടങ്ങിയതവൻ അറിഞ്ഞിരിക്കാം.... പട്ടിണിയുടെ പിടിമുറുക്കം വയറിനെ വിട്ട് അവന്റെ ജീവനെ ശരീരത്തിൽ നിന്നും വേർതിരിക്കും വിധമായിരിക്കുന്നു... ഇന്ന് അവൻ അമ്മക്കായ് കരുതി വെച്ച അവസാന നെടുവീർപ്പും ചോർന്ന് പോയിരിക്കുന്നു...


കാലം മുന്നോട്ടു പോകവേ വെളിച്ചത്തെ അവനു ഭയമായി തുടങ്ങിയിരിക്കുന്നു... രാത്രിക്ക് വല്ലാതെ മോഹിപ്പിക്കുന്ന ഒരു ഭംഗിയുണ്ടെന്നു അവൻ പഠിച്ചിരിക്കുന്നു.. ആ ഭംഗി മറ്റൊന്നുമായിരുന്നില്ല മറ്റുള്ളവരുടെ ഉറക്കത്തിന്റെ അളവറിഞ്ഞ് കക്കാനുള്ള കഴിവിന്റെ ഭംഗിയായിരുന്നു...

ആദ്യം മോഷ്ടിച്ചത് വിശപ്പടക്കാനുള്ള അന്നത്തിനായെങ്കിൽ പിന്നീടത് അമ്മയുടെ വിയർപ്പിന്റെ മണമുള്ള തന്റെ ആധാരം വീണ്ടെടുക്കാൻ.. പിന്നെയങ്ങോട്ട് പിടിച്ചു നിൽക്കാൻ വേണ്ട കരുതലുകൾക്കായ്. പലരുടെയും പകലിന്റെ കരുതലുകളെ രാത്രിയിൽ കവരുന്നവന്റെ വേഗത തടയനാവാതെ ഗ്രാമങ്ങൾ ഉറക്കത്തെ തന്നെ മറന്നു....

ഇന്ന് അവന്റെ നിലനിൽപ്പിന്റെ ഗതിമാറി. മോഷണം തൊഴിലായി... കഥകളിൽ ഏറ്റവും നല്ല നടനായി അവൻ മാറി... അവൻ രാത്രിയുടെ ഭയമായിത്തീർന്നു ... ഇന്ന് അവൻ പറയും.... ”ഇരുളിൽ അതിവേഗം പായും കൂമനെ വെല്ലുന്ന ചിറകില്ലാത്ത ബുദ്ധിയും കൗശലവും ഒത്തുചേർന്ന തസ്കരൻ ഞാൻ”...

# അക്ഷരങ്ങളെ പ്രണയിച്ചവളുടെ മരണം

## സ്നേഹനന്ദ



എഴുത്തിനെ പ്രണയിച്ച ഒരുവളുടെ ചിതക്കരികിൽ നിൽക്കുമ്പോൾ അവളുടെ ഒരായിരം ഭാവനകൾ മാവ് കൊള്ളികൾക്കൊപ്പം മരക്കറയുടെ ചൂടിൽ എരിഞ്ഞടങ്ങുന്നത് ആരെങ്കിലും നോക്കി നിന്നിട്ടുണ്ടോ. അവൾ എഴുതിയ അവളുടെ മനോവ്യഥകളടങ്ങിയ അക്ഷരങ്ങൾ അവരുടെ മാതാവിന്റെ മരണത്തോടെ അനാഥത്വം താങ്ങാൻ ആവാതെ അലമുറയിട്ട് കരയുന്ന ശബ്ദം മേഘധ്വനിയായി നിങ്ങളുടെ കർണപടങ്ങളിൽ മുഴങ്ങി കേൾക്കുക തന്നെ ചെയ്യും.

അവൾ എഴുതി പൂർത്തിയാക്കാൻ മറന്നിട്ട അക്ഷരക്കൂട്ടുകൾ അവളുടെ ജീവിതം പോലെത്തന്നെ അപൂർണതയുടെ അടയാളപ്പെടുത്തലുകളായി അവൾക്ക് ചുറ്റും നിസ്സഹായരായി അലഞ്ഞു തിരിയുന്നത് നിങ്ങൾക്കു കാണാം. അവൾ എഴുതിയ അക്ഷരങ്ങൾക്കുമേൽ വന്നു വീണ അഭിനന്ദനവും അതിലേറെ വിമർശനവും അവളുടെ ഓർമ്മയായി എന്നും ജീവിക്കും.

ഒരിക്കലെങ്കിലും അവളുടെ വരികൾക്കിടയിൽ അവളെ നിങ്ങൾ തിരയുക ആരും അറിയാതെ ഒളിപ്പിച്ചു വെച്ചിരുന്ന അവളുടെ ജീവിതവ്യഥകൾ വായിച്ചെടുക്കാൻ ഒരുപക്ഷെ നിങ്ങൾക്ക് സാധിച്ചേക്കാം. മരണത്തേയും പ്രണയത്തേയും കോർത്തെഴുതിയ വരികളിൽ ദയ എന്ന വികാരത്തിന്റെ ജനനം അവസാന നാളുകളിൽ അവൾ എഴുതിയ വരികളിൽ വായിച്ചെടുക്കാൻ നിങ്ങൾക്കു സാധിച്ചേക്കാം. ഒന്നുകൂടെ അവളുടെ എഴുത്തുകളിലൂടെ സഞ്ചരിക്കുക. എല്ലാവരും ദുർബലയെന്നു മുദ്ര കുത്തിയ അവളുടെ എഴുത്തുകൾ നിങ്ങളെ അക്ഷരങ്ങളുടെ മായാലോകത്ത് തളച്ചിടാൻ കഴിയുംവിധം ശക്തമാണ്. എരിഞ്ഞുതീർന്ന അവളുടെ എഴുത്തിനെ പ്രണയിച്ചവരുടെ... നിന്റെ.. രണ്ടു തുള്ളി കണ്ണുനീർ മതിയാവും അവൾ എന്ന എഴുത്തുകാരിയുടെ അംഗീകാരത്തിന്റെ അടയാളമായി.

# നീ യാത്രയാകുന്നില്ല  മഹേഷ്

**മുൻപത്തെ പി. ടി മാഷ്  നിഷാദ് മാഷ് സ്കൂളിൽ നിന്ന് പോയപ്പോൾ മഹേഷ് മാഷ് സമ്മാനിച്ച കവിത.)**

ഈ കായിക ഭൂമിയാം പ്രണയിനിക്കൊരു വിരഹമാല്യം ചാർത്തി കടന്നുപോയ് നീ..
പകലിന്റെ ജീവസ്സിൽ
നിനക്കായ് കാത്തിരിപ്പിൻ
മിഴിയിണകൾ സമ്മാനിച്ചവൾ..
പന്തിന്റെ മർമ്മരം കാതോർത്തവൾ.
ബൂട്സിന്റെ മാരകസ്പർശനങ്ങൾ മൃദുകനിയായ് രുചിച്ചവൾ.
ശബ്ദഘോഷങ്ങളെ താരാട്ടുപാട്ടായ് കേട്ടവൾ..
അവളിന്ന് മരുഷച്ച തേടുമൊരു ഖിന്നയാം കാമുകി..
ഭാഷയും വിഷയവും കുരുക്കും കയറിൽ പിടയുമ്പോൾ
രക്ഷതേടി നിൻ സ്വപ്ന വാതിലിലേക്കോടിയെത്തിയൊരു കൂട്ടർ..
കുഞ്ഞു മാനസങ്ങളിൽ
നിറയും നീയൊരു
ദേവദൂതൻ..
ഉച്ചഭാഷിണിയുടെ മുഴക്കങ്ങളിൽ ഫ്ലക്സിന്റെഅച്ചടിയക്ഷരങ്ങളിൽ
വീറോടെയെത്ര തിളങ്ങി നിൻ വിജയത്തിൻ ഗാഥകൾ..
അച്ചടക്കത്തിന്റെ തേരാളിയായ് ചക്രമുരുട്ടുമ്പോഴും -
മിത്ര സൗഹൃദങ്ങളിൽ
കൂട്ടു ചേരാൻ ഒരു പുഞ്ചിരിക്കുട ചൂടി നീ വന്നിരുന്നു ..
മുത്തുവാൻ ഒരുപാട് ട്രോഫികൾ തന്നൊരാ കൈ നീട്ടി ടാറ്റാ പറഞ്ഞുവെങ്കിലും..
ഒരു നാൾ സ്കൂൾ തുറക്കുമ്പോൾ നിൻ സ്മൃതികൾ ഞങ്ങളോടോതും..
ഈ കായികഭൂമിയിൽ- ജയഭേരികൾ പുളകമുണർത്തിയ മണ്ണിൽ ഒരു
കാവൽവിളക്കായ് ഞങ്ങളെന്നും വെളിച്ചം വിതറും..
സഹയാത്രികാ നീ യാത്രയാകുന്നില്ല,
ഒരു മന്ദഹാസം വിടർത്തും
മാരുതനായ്,
മൈതാനഭുവിലൊരൂർ
ജ്ജസ്രോതസ്സായ്
നീ പരക്കുന്നു..

# ഈ വഴിത്താരയിൽ ഇനിയും മുന്നോട്ട്..

മഹേഷ്

**പത്താം ക്ലാസിൽ ഒന്നിച്ച് പഠിച്ച സുഹൃത്തിനെ വർഷങ്ങൾക് ശേഷം കണ്ടുമുട്ടുമ്പോൾ പങ്ക് വെ ക്കുന്നഓർമ്മകൾ.**

നിറഞ്ഞൊരോർമ്മച്ചെപ്പു മായ്,
പത്തിലെ പടിത്തിണ്ണയിലേക്കോടി വന്നു നീ..
അപരിചിതത്വത്തിന്റെ
മാറാപ്പിനുള്ളിൽ നിന്നും
കൈത്തണ്ടയിലേക്കൊരു
സൗഹൃദപൂക്കുട തന്നു നീ..
എത്ര വേഗം നീയെൻ മാനസത്തിൻ പടി കയറി വന്നു ...
എൻ ഹൃദയതാളത്തിൽ
ഒരു പുതിയ ശ്രുതി നീ പകർന്നു...
സങ്കടക്കടലിലൊരാ ശ്വാസനൗകയായ്,
നിരാശരജനിയിലൊരു
തിരി വെട്ടമായി,
നീയെന്റെ കാവലായ് കൂടെ നിന്നു..
ഒരു നിർവൃതിക്കായ് -
നിൻ സൗഹൃദവരികളുടെ
സുഗന്ധം തേടിയലഞ്ഞു ഞാൻ..
പെയ്ത മഴത്തുള്ളികളെ ല്ലാം നിൻ സ്നേഹം നിറച്ചോ ടിവന്നു...
വേനലിൽ ചൂടേറ്റ് വാടിയ കവിളിണയിലൊരു
നുള്ളിനാൽ ചെറു മന്ദസ്മിതം തൂകിച്ചു ഞാൻ..
നാളേക്ക് കോർക്കാനായ്
പൂക്കളിറുക്കാൻ ഇന്നിന്റെ പൂങ്കാവനത്തിലൂടൊരുമിച്ചു
നാം യാത്രയായി...
ഇനിയും വരാനുള്ള വസന്തങ്ങളിൽ നീ കൂടെയുണ്ടെന്ന
വിശ്വാസ മണ്ഡപം പണി തീർത്തു ഞാൻ..
ഒടുവിലൊരേകാന്തതയുടെ തീരത്ത് ഒരു പിടിച്ചാരമായി നാം
കെട്ടണഞ്ഞാലും..
തിരകൾക്ക് തീരമായി,
പറവകൾക്കാകാശമായ്,
മരങ്ങൾക്കിലകളായ്
പ്രിയസുഹൃത്തെ- നിന്നോർമ്മകൾ
സ്പന്ദിക്കും..

# തയ്യാറാക്കിയത്

സ്നേഹനന്ദ
സഞ്ജയ്
തന്മയ
സഞ്ജയ്
സ്നേഹനന്ദ

## സഹായിച്ച അധ്യാപകർ

മഹേഷ് കോട്ട
ഡോളി പി
വിജിത് പി